പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 28</u> <u>10.06.2013 ൽ മറുപടിക്ക്</u>

## <u>കടലിൽ മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊന്ന കേസ്</u>

| <u>ചോദ്യം</u> . | <u>മറുപടി</u> |
|---|---|
| ശ്രീ. എം. എ. ബേബി<br>'' പി. കെ. ഗുരുദാസൻ<br>'' ജി. സുധാകരൻ<br>ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കൊല്ലത്തെ രണ്ട് മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവെച്ച് കൊന്ന കേസ് അന്വേഷണം എൻ.ഐ.എ. യ്ക്ക് വിട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) ഉണ്ട്. ബഹു. സുപ്രീംകോടതിയുടെ WP (C) 135/12 ലെ 18.01.2013 ലെ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം 01.04.2013 ന് പുറത്തിറക്കിയ F No. 11011/19/2013-IS.IV ഉത്തരവ് പ്രകാരം 12.04.2013 ന് എൻ.ഐ.എ. കേസ് ഡയറി ഏറ്റുവാങ്ങിയിട്ടുണ്ട്. RC-04/13/NIA/DLI ആയി കേസ് റീ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇറ്റാലിയൻ സൈനികർക്ക് വധശിക്ഷ നൽകില്ലെന്ന് ഇറ്റാലിയൻ സർക്കാരിന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച ഇറ്റലിയുടെ വാദത്തെ സുപ്രീംകോടതിയിൽ ഇന്ത്യാ ഗവൺമെന്റ് എതിർക്കാതിരുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (ബി) ബഹു. സുപ്രീംകോടതിയിൽ ഇത്തരം വാദങ്ങൾ ഉയർന്നിട്ടില്ല. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് പ്രതികളെ വിചാരണ ചെയ്യുന്നതിന് കേരള പോലീസിനും കേരളത്തിലെ കോടതികൾക്കും അധികാരമുണ്ട് എന്ന നിലപാടാണ് കേരള സർക്കാർ ബഹു. സുപ്രീം കോടതിയിൽ സ്വീകരിച്ചത്. |
| (സി) കേരള പോലീസ് തയ്യാറാക്കിയ എഫ്. ഐ.ആർ. തന്നെയാണോ എൻ.ഐ. എ.യ്ക്കും കൈമാറിയിരിക്കുന്നത്; വ്യക്തമാക്കുമോ? | (സി) വെടിവെപ്പ് സംഭവവുമായി ബന്ധപ്പെട്ട് കൊല്ലം നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 2/12 കേസിന്റെ എഫ്.ഐ.ആർ. ആണ് എൻ.ഐ.എക്ക് കൈമാറിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ